REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 03-04-2025 **സമയം** 06.45 AM

---

## പ്രധാന വാർത്തകൾ

- **വഖഫ് ഭേദഗതി ബിൽ പാസാക്കി. പ്രതിപക്ഷം കൊണ്ടു വന്ന ഭേദഗതികൾ സഭ തള്ളി.**
- **ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തായ്‌ലൻഡിലേക്ക് യാത്ര തിരിയ്ക്കും.**
- **മുണ്ടക്കൈ -ചൂരൽമല മാതൃക ടൗൺഷിപ്പ് സമ്മതപത്രങ്ങളുടെ പരിശോധന നാളെ ആരംഭിക്കും.**
- **ആശാ പ്രവർത്തകരുമായി സംസ്ഥാന ഗവൺമെന്റ് ഉച്ചകഴിഞ്ഞ് വീണ്ടും ചർച്ച നടത്തും.**
- **ISL ഫുട്ബോൾ ആദ്യ സെമിയിൽ ബംഗളൂരു FC യ്ക്ക് വിജയം.**

## വാർത്തകൾ വിശദമായി

വഖഫ് ഭേദഗതി ബിൽ ലോക്സഭ പാസാക്കി. 288 അംഗങ്ങൾ ബില്ലിനെ പിന്തുണച്ചപ്പോൾ, 232 പേർ എതിർത്ത് വോട്ട് ചെയ്തു. ബിൽ ചർച്ച 12 മണിക്കൂറിലേറെ നീണ്ടു; പുലർച്ചെ രണ്ട് മണിയോടെയാണ് ബിൽ പാസായത്. പ്രതിപക്ഷം കൊണ്ടു വന്ന ഭേദഗതികൾ സഭ തള്ളി.

വഖഫ് സ്വത്ത് നടത്തിപ്പ് ഏകീകരിക്കാനും, പൈതൃക പ്രദേശങ്ങൾ സംരക്ഷിക്കാനും, സാമൂഹ്യ ക്ഷേമം ഉറപ്പു വരുത്താനും ലക്ഷ്യമിട്ടാണ് ഭേദഗതിബിൽ കൊണ്ടുവന്നത്. വഖഫ് സ്വത്ത് കൈകാര്യം ചെയ്യുന്നതിൽ സുതാര്യത ഉറപ്പു വരുത്താനും, വഖഫ് ബോർഡുകളും പ്രാദേശിക ഭരണ സംവിധാനങ്ങളും തമ്മിൽ ഏകോപനം ഉറപ്പു വരുത്താനും ബില്ലിൽ

വ്യവസ്ഥകളുണ്ട്. മുസ്ലീം സമുദായത്തിലെ വിവാഹമോചിതകൾക്കും, വിധവകൾക്കും സാമൂഹ്യ - സാമ്പത്തിക സുരക്ഷ ലഭ്യമാക്കാനും ബിൽ വിഭാവനം ചെയ്യുന്നു.

ഡെസ്ക്ക് റിപ്പോർട്ട്.

.........(വോയ്സ്)........

വഖഫ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ മുസ്ലീംങ്ങളല്ലാത്തവർ ഇടപെട്ടേയ്ക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ലെന്ന് ബിൽ ചർച്ചയ്ക്ക് മറുപടി പറഞ്ഞ ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു വ്യക്തമാക്കി. ഗവൺമെന്റ് ന്യൂനപക്ഷ വിരുദ്ധമാണെന്ന പ്രതിപക്ഷ ആരോപണം തള്ളിയ റിജിജു, ന്യൂനപക്ഷങ്ങൾ ഏറ്റവും സുരക്ഷിതരായ രാജ്യം ഇന്ത്യയാണെന്നും ഉറപ്പിച്ചു പറഞ്ഞു. ബിൽ ഭരണഘടനാ വിരുദ്ധമാണെന്ന് ആരോപിക്കുന്ന പ്രതിപക്ഷത്തിന് അതിന് ഒരു തെളിവു പോലും കൊണ്ടു വരാൻ കഴിഞ്ഞില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. നിയമവിരുദ്ധമായിരുന്നു ബില്ലെങ്കിൽ, കോടതികൾക്ക് അതിനെ തടയാമായിരുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

മതപരമായ ആചാരങ്ങളിൽ ഒരു ഇടപെടലും നടത്താത്ത ബിൽ, വഖഫ് ബോർഡിന്റെ സ്വത്ത് വിനിയോഗവുമായി മാത്രമാണ് ബന്ധപ്പെടുന്നതെന്ന് നേരത്തെ ബിൽ അവതരണ വേളയിൽ കിരൺ റിജിജു വ്യക്തമാക്കിയിരുന്നു.

✪✪✪

മണിപ്പൂരിലെ രാഷ്ട്രപതി ഭരണം സംബന്ധിച്ച പ്രമേയം ലോക്സഭ അംഗീകരിച്ചു. ഡോ. ശശി തരൂർ ഉൾപ്പെടെ പ്രമുഖ പ്രതിപക്ഷ നേതാക്കൾ പങ്കെടുത്ത ചർച്ചയ്ക്കു ശേഷമാണ് പ്രമേയം പാസാക്കിയത്. മണിപ്പൂരിൽ സാധാരണ നില തിരിച്ചു കൊണ്ടുവരാൻ ഗവൺമെന്റ് എല്ലാ ശ്രമങ്ങളും നടത്തിവരികയാണെന്ന് പ്രമേയ ചർച്ചയ്ക്ക് മറുപടി നൽകിയ ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു. കഴിഞ്ഞ നാലു മാസമായി മണിപ്പൂരിൽ കലാപ മരണങ്ങളൊന്നും ഉണ്ടായിട്ടില്ലെന്നു അമിത്ഷാ അറിയിച്ചു.

✪✪✪

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്രമോദി രണ്ട് ദിവസത്തെ തായ്ലൻഡ് സന്ദർശനം ഇന്ന് ആരംഭിക്കും. സന്ദർശനത്തിനിടെ തായ്ലൻഡ് പ്രധാനമന്ത്രി പീടോങ്ടാൻ ഷിനവത്രയുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......(വോയ്സ്)....

നാളെയാണ് ബാങ്കോക്കിൽ ബിംസ്റ്റെക് ഉച്ചകോടിക്ക് തുടക്കമാകുന്നത്. "ബിംസ്റ്റെക് - സമൃദ്ധവും, ശക്തവും, തുറന്നതും" എന്നതാണ് ആറാമത് ബിംസ്റ്റെക് ഉച്ചകോടിയുടെ പ്രമേയം. തായ്‌ലൻഡ് രാജാവ് രാമ പത്താമനും , രാജ്ഞിയും ഉച്ചകോടിയിൽ പങ്കെടുക്കും.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ഇരു രാജ്യങ്ങളും ഒട്ടേറെ കരാറുകളിൽ ഒപ്പുവെച്ചേക്കും. ഇന്ത്യയ്ക്കും തായ്‌ലൻഡിനുമിടയിൽ ഊഷ്മള ഉഭയകക്ഷി ബന്ധത്തിന്റെ ചരിത്രമുണ്ട്.

ബിംസ്റ്റെക് ഉച്ചകോടിക്ക് ശേഷം, പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ, മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ശ്രീലങ്കയിലേക്ക് പോകും. ശ്രീലങ്കൻ പ്രസിഡണ്ട് അനുര കുമാര ദിസനായകെയുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദിയുടെ നാലാമത്തെ ശ്രീലങ്ക സന്ദർശനം.

✪✪✪

ജനാധിപത്യം വിജയത്തിലെത്തുന്നത് വാദ പ്രതിവാദത്തിലൂടെയല്ലെന്നും, സൃഷ്ടിപരമായ സംവാദങ്ങളിലൂടെ ജനഹൃദയത്തിലെത്തുമ്പോഴാണെന്നും കേന്ദ്രമന്ത്രി ഡോ. മൻസൂഖ് മാണ്ഡവ്യ പറഞ്ഞു. വികസിത് ഭാരത് യൂത്ത് പാർലമെന്റ് ആഘോഷത്തിന്റെ ദേശീയതല പരിപാടി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വൈവിധ്യങ്ങൾക്കിടയിലും രാജ്യത്തിന്റെ ഐക്യപ്രതീകമാണ് പാർലമെന്റെന്ന് ഡോ. മാണ്ഡവ്യ വ്യക്തമാക്കി. വ്യത്യസ്ത തൊഴിൽ മേഖലകളിൽ രാജ്യം ആദ്യം എന്ന മനോഭാവം വളർത്തിയെടുക്കണമെന്ന് ഡോ. മൻസൂഖ് മാണ്ഡവ്യ യൂത്ത് പാർലമെന്റിൽ പങ്കെടുത്ത യുവജനങ്ങളെ ഓർമ്മിപ്പിച്ചു.

✪✪✪

ഇന്ത്യൻ നാവികസേനാ കപ്പൽ INS - തർക്കഷ്, പടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ നിന്ന് 2,500 കിലോയിലേറെ മയക്കുമരുന്ന് പിടികൂടി. സംശയാസ്പദ സാഹചര്യത്തിൽ ചില കപ്പലുകൾ മേഖലയിലുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പായ്ക്കപ്പലിൽ നിന്ന് മയക്കുമരുന്ന് ശേഖരം കണ്ടെടുത്തത്. 2,386 കിലോ ഹാഷിഷും, 121 കിലോ ഹെറോയിനും കപ്പലിലുണ്ടായിരുന്നു.

✪✪✪

മുണ്ടക്കൈ -ചൂരൽമല അതിജീവിതർക്കായി കൽപ്പറ്റയിൽ ഒരുക്കുന്ന മാതൃക ടൗൺഷിപ്പിലേക്ക് നൽകിയ സമ്മതപത്രങ്ങളുടെ പരിശോധന നാളെ ആരംഭിക്കും. മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും, വെള്ളരിമല വില്ലേജ് ഓഫീസിലേക്കും സമ്മതപത്രം നൽകിയവരുടെ വിവരങ്ങൾ കൈമാറിക്കഴിഞ്ഞു.

വീടിന് അപേക്ഷ നൽകിയവർക്ക് മറ്റേതെങ്കിലും വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ സഹായത്തോടെ വീടോ സ്ഥലമോ ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കും. സമ്മതപത്രം ഇന്ന് കൂടി സമർപ്പിക്കാം. ഇതുവരെ പട്ടികകളിലുൾപ്പെട്ട 402 ഗുണഭോക്താക്കളിൽ 378 പേർ സമ്മതപത്രം കൈമാറിയിട്ടുണ്ട്. ഇതിൽ 279 പേർ വീടിനായും 99 പേർ സാമ്പത്തിക സഹായത്തിനുമാണ് സമ്മതപത്രം നൽകിയത്. ഗുണഭോക്താക്കളുടെ അന്തിമ പട്ടിക ഏപ്രിൽ 20 ന് പ്രസിദ്ധീകരിക്കും.

✪✪✪

ആശാ പ്രവർത്തകരുമായി സംസ്ഥാന ഗവൺമെന്റ് ഇന്ന് വീണ്ടും ചർച്ച നടത്തും. മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ വൈകിട്ട് മൂന്നിന് തിരുവനന്തപുരത്താണ് ചർച്ച. CITU, INTUC തൊഴിലാളി സംഘടനാ പ്രതിനിധികളെയും ചർച്ചയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. സമരം ആരംഭിച്ച ശേഷം ഇത് മൂന്നാം തവണയാണ് ഗവൺമെന്റ് ആശാ പ്രവർത്തകരുമായി ചർച്ച നടത്തുന്നത്.

ആശാ പ്രവർത്തകർ സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തുന്ന രാപകൽ സമരം 53-ാം ദിവസത്തിലേയ്ക്കും അനിശ്ചികാല നിരാഹാര സമരം 15-ാം ദിവസത്തിലേക്കും ഇന്ന് കടന്നു.

✪✪✪

വേനൽ ശക്തമാകുന്ന സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് മന്ത്രി K.കൃഷ്ണൻകുട്ടി നിർദ്ദേശം നൽകി. ഉഷ്ണ തരംഗ - മൺസൂൺ മുന്നൊരുക്ക അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. വേനൽ കാലത്ത് ജല ലഭ്യതയ്ക്കൊപ്പം, കുടിവെള്ളം മാലിന്യമുക്തമാണെന്ന് ഉറപ്പ് വരുത്തുകയും വേണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

✪✪✪

ISL ഫുട്ബോൾ ആദ്യ സെമിയിൽ ബംഗളുരു FC യ്ക്ക് വിജയം. ബംഗളുരുവിൽ FC ഗോവയെ മറുപടിയില്ലാത്ത രണ്ട് ഗോളിനാണ് ബംഗളൂരു തോൽപ്പിച്ചത്.

ഇന്ന് രണ്ടാം സെമിയിൽ ജംഷഡ്പൂർ FC, മോഹൻ ബഗാനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ജംഷഡ്പൂരിലാണ് മത്സരം.

✪✪✪

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ സഹകരണത്തോടു കൂടി വൈകീട്ട് "ലഹരിക്കെതിരെ ആയിരം ഗോൾ" എന്ന പരിപാടി മാനാഞ്ചിറ സ്ക്വയറിൽ സംഘടിപ്പിക്കും. തോട്ടത്തിൽ രവീന്ദ്രൻ MLA ഉദ്ഘാടനം ചെയ്യും. "സ്പോർട്സാണ് ലഹരി" എന്ന മുദ്രാവാക്യത്തോടെ ജില്ലാ സ്പോർട്സ് കൗൺസിൽ നടത്തുന്ന സമ്മർക്യാമ്പിനോട് അനുബന്ധിച്ചാണ് പരിപാടി.

✪✪✪

IPL ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൺസ്, റോയൽ ചാലഞ്ചേഴ്സ് ബംഗളുരുവിനെ പരാജയപ്പെടുത്തി. ബംഗളുരുവിലെ മത്സരത്തിൽ 8 വിക്കറ്റിനാണ് ഗുജറാത്തിന്റെ ജയം.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് കൊൽകത്തയിൽ സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

✪✪✪

വഖഫ് ഭേദഗതി ബിൽ ലോക്സഭ പാസാക്കിയതിൽ മുനമ്പം ഭൂസമര സമിതി ആഹ്ലാദപ്രകടനം നടത്തി. വഖഫ് ഭേദഗതി നിയമം പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാന വഖഫ് ബോർഡ് അവകാശം ഉന്നയിച്ച മുനമ്പം പ്രദേശത്തു നിന്ന് ഒഴിഞ്ഞു പോകേണ്ടി വരില്ലെന്നാണ് പ്രതീക്ഷയെന്ന് സമര നേതാക്കൾ പറഞ്ഞു.

✪✪✪

കലിക്കറ്റ് സർവകലാശാല മലയാള വിഭാഗം മുൻ മേധാവിയും, ഭാഷാ ശാസ്ത്രജ്ഞനുമായ ഡോ. T.B വേണുഗോപാല പണിക്കരുടെ നിര്യാണത്തിൽ വൈസ് ചാൻസലർ ഡോ. P രവീന്ദ്രൻ അനുശോചിച്ചു. 2006 ലാണ് അദ്ദേഹം സർവകലാശാലയിൽ നിന്ന് വിരമിച്ചത്. അക്കാദമിക രംഗത്ത് ഗൗരവമേറിയ ഒട്ടേറെ ഗ്രന്ഥങ്ങളുടെ രചയിതാവ് ആണ് T.B വേണുഗോപാല പണിക്കർ.

ഇന്നലെയായിരുന്നു 79 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. സംസ്കാരം രാവിലെ കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ നടത്തും.

✪✪✪

ഷില്ലോങിൽ സമാപിച്ച NCERT ദേശീയ വിദ്യാഭ്യാസ ഫിലിം ഫെസ്റ്റിവലിൽ കലിക്കറ്റ് സർവകലാശാല എജ്യൂക്കേഷണൽ മൾട്ടി മീഡിയ റിസർച്ച് സെന്റർ മൂന്ന് അവാർഡുകൾ നേടി. ഡോക്യുമെന്ററി വിഭാഗത്തിൽ N ശ്രീമിത്ത്, സജീദ് നടുത്തൊടി, M ബാനിഷ്, PC സാജിദ് എന്നിവർക്കാണ് അവാർഡ്.

✪✪✪

സാമ്പത്തിക താത്പര്യങ്ങൾ മാത്രമല്ല യുവതലമുറയുടെ പ്രതികരണശേഷി കൂടി നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലഹരി മാഫിയ പ്രവർത്തിക്കുന്നതെന്ന് CPI സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സത്യൻ മൊകേരി പറഞ്ഞു. ലഹരി വ്യാപാരം എല്ലാ കാലത്തുമുണ്ടായി രുന്നെങ്കിലും, ഇന്ന് അത് നിയന്ത്രണാതീതമായി ശക്തിപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഓൾ കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ സംഘടിപ്പിക്കുന്ന 'ലഹരിയ്ക്കെതിരെ ജനകീയ കാവൽ ' എന്ന ക്യാമ്പയിൻ സംസ്ഥാനതല ചടങ്ങ് കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു സത്യൻ മൊകേരി.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ 5 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ഇന്ന് ലോക വന്യജീവിദിനം. പ്രകൃതിയെന്ന വിസ്മയ ലോകവും, വൈവിധ്യമാർന്ന സസ്യ-ജീവിസമ്പത്തും സംരക്ഷിക്കണമെന്ന ഓർമപ്പെടുത്തലാണ് ദിനാചരണം. മനുഷ്യന്റെയും ജീവജാലങ്ങളുടെയും നിലനില്പിന് വനവും വന്യജീവികളും അത്യന്താപേക്ഷിതമാണെന്ന ബോധം യുവതലമുറയിൽ വളർത്തിയെടുക്കുക എന്നതാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

ഉപയോഗശൂന്യമായ മരുന്നുകളുടെ ശാസ്ത്രീയമായ നിർമാർജ്ജനം ലക്ഷ്യമാക്കി ഗവൺമെന്റ് ആരംഭിച്ച എൻപ്രൗഡ് പൈലറ്റ് പദ്ധതിക്ക് ഉള്ളിയേരി പഞ്ചായത്തിൽ തുടക്കമായി. കോഴിക്കോട് കോർപ്പറേഷനിലും ഉള്ളിയേരി ഗ്രാമപഞ്ചായത്തിലുമാണ് പദ്ധതി സംസ്ഥാന തലത്തിൽ ആദ്യമായി

നടപ്പാക്കുന്നത്. സമഗ്ര പൈലറ്റ് സ്റ്റഡിക്ക് ശേഷം കേരളത്തിൽ മുഴുവൻ പദ്ധതി വ്യാപിപ്പിക്കും.

✪✪✪

ദേശീയ പാതാ വികസനത്തിന്റെ ഭാഗമായി കോഴിക്കോട് മലാപറമ്പ് ജംഗ്ഷനിലെ ജപ്പാൻ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിനാൽ നാളെ അർദ്ധ രാത്രി മുതൽ രണ്ടു ദിവസം പെരുവണ്ണാമുഴി ജലശുദ്ധീകരണ ശാല പ്രവർത്തനം നിർത്തിവെയ്ക്കും. കോഴിക്കോട് കോർപറേഷൻ, ബാലുശ്ശേരി, നന്മണ്ട എന്നിവിടങ്ങളിലും 14 പഞ്ചായത്തുകളിലും ഫറോക്ക് മുൻസിപ്പാലിറ്റിയിലും ജലവിതരണം പൂർണമായും മുടങ്ങും.

✪✪✪

പെരിന്തൽമണ്ണ തിരുമാന്ധാംകുന്ന് പൂരത്തിന് ഇന്ന് രാവിലെ പുറപ്പാടെഴുന്നള്ളത്തോടെ തുടക്കമാകും. പതിനൊന്ന് ദിവസമാണ് ഉത്സവാഘോഷങ്ങൾ . പുലർച്ചെ നാല് മുതൽ ക്ഷേത്രത്തിൽ ദർശനമാരംഭിച്ചു.

✪✪✪

പാലക്കാട്ടെ പ്രസിദ്ധമായ നെന്മാറ- വല്ലങ്ങി വേല ഇന്ന് ആഘോഷിക്കും. ഇരു ദേശങ്ങളിലും പുലർച്ചെ തന്നെ ആഘോഷ ചടങ്ങുകൾ തുടങ്ങി. 11 മണിയോടെ ദേശങ്ങളിൽ നിന്ന് കോലവുമായി എഴുന്നള്ളത്ത് ആരംഭിക്കും.

✪✪✪

---

*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത കെ, രജിന കെ*
*DEO: ഷീബ*

आकाशवाणी